പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6245 — 02/04/2018 ൽ മറുപടിക്ക്

**കുളങ്ങളും,കാവുകളും സംരക്ഷിക്കുന്നതിന് ദേവസ്വം വകുപ്പ് മുഖേന പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.സി.കൃഷ്ണൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ മന്ത്രി) | |
| (എ) | ദേവസ്വം ബോർഡിന് കീഴിൽ വരുന്ന അമ്പലങ്ങളിലെ കുളങ്ങളും കാവുകളും സംരക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും ദേവസ്വം വകുപ്പ് മുഖേന എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (എ) | ഉണ്ട്. പദ്ധതിയുടെ നിബന്ധനകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## നിബന്ധനകൾ

1) ക്ഷേത്രക്കുളങ്ങൾക്ക് അരികിലുള്ള വൃക്ഷങ്ങൾ, മുളങ്കാടുകൾ, മറ്റ് വള്ളിപ്പടർപ്പുകൾ എന്നിവ വെട്ടിമാറ്റാൻ പാടുള്ളതല്ല.

2) കുളങ്ങൾ നവീകരിക്കുന്നതിനായി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമ്പോൾ ആ ക്ഷേത്ര കുളങ്ങൾ ഭക്തജനങ്ങൾ ഉപയോഗിക്കുന്നവയാണെന്ന് ഉറപ്പുവരുത്തണം.

3) ഒരു കുളത്തിന്റെ നവീകരണത്തിന് ചെലവ് 30 ലക്ഷം രൂപയിൽ കവിയാൻ പാടില്ല.

4) കാവുകളുടെ പരിരക്ഷയിൽ പരിസ്ഥിതി മൂല്യങ്ങൾക്ക് പരമാവധി പ്രാധാന്യം കൊടുക്കുകയും അവയ്ക്കു ഭീഷണി നേരിടുന്ന ഘടകങ്ങളെ പ്രതിരോധിക്കാനുമായിരിക്കണം ശ്രമിക്കേണ്ടത്. Least Invasive approach ആയിരിക്കണം കാവുകളുടെ സംരക്ഷണത്തിൽ അവലംബിക്കേണ്ടത്. നവീകരണ പ്രക്രിയകൾ കാവുകളിൽ നിലവിലുള്ള ആചാരങ്ങളിൽ ഇടപെടാൻ പാടില്ല. കാവുകളുടെ സംരക്ഷണത്തിന് ചെലവിടാനുള്ള തുക പരമാവധി 5 (അഞ്ച്) ലക്ഷം രൂപയായി നിജപ്പെടുത്തുന്നതാണ്.

5) ആൽത്തറകളുടെ സംരക്ഷണത്തിന് പരമാവധി 2 ലക്ഷം രൂപ വരെ അനുവദിക്കാവുന്നതാണ്.

6) ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള കുളങ്ങൾ, ആൽത്തറകൾ, കാവുകൾ കൂടാതെ സ്വകാര്യ ഉടമസ്ഥതയിലുള്ളതും ജീർണ്ണാവസ്ഥയിലുള്ളതുമായ ക്ഷേത്രങ്ങളോടൊപ്പമുള്ള കാവുകൾ, ആൽത്തറകൾ, കുളങ്ങൾ എന്നിവ കൂടി ഈ പദ്ധതി പ്രകാരം പരിഗണിക്കേണ്ടതാണ്.

7) ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള ക്ഷേത്രക്കുളം/കാവുകൾ/ആൽത്തറകൾ എന്നിവ പുനരുദ്ധരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട ദേവസ്വം ബോർഡുകളുടെ എൻജിനീയറിംഗ് വിഭാഗം തയ്യാറാക്കി ദേവസ്വം ബോർഡിന്റെ അംഗീകാരത്തോടെ സമർപ്പിക്കേണ്ടതാണ് സ്വകാര്യ ക്ഷേത്രങ്ങളുടെ ഉടമസ്ഥതയിലുള്ള കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ക്ഷേത്രം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്മേൽ നിയന്ത്രണമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗം തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരി അംഗീകരിച്ച് ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്

8) കാവുകൾ/കുളങ്ങൾ/ആൽത്തറകൾ എന്നിവ ഏതെങ്കിലും ക്ഷേത്രത്തിനോട് ചേർന്നതാണെന്നുള്ള സർട്ടിഫിക്കറ്റ് ദേവസ്വം ബോർഡ് സബ് ഗ്രൂപ്പ് ഓഫീസർ/ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ തലവൻ നൽകേണ്ടതാണ്

9) പണിയുടെ പുരോഗതി വിലയിരുത്തി സഹായധനം രണ്ടോ, മൂന്നോ ഗഡുക്കളായി നൽകേണ്ടതാണ്

10) പദ്ധതിയുടെ പുരോഗതി അതാത് ദേവസ്വ ത്തിന്റെ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ (Empowered Officer) അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ബന്ധപ്പെട്ട ഓഫീസ് തലവൻ വിലയിരുത്തേണ്ടതും, തുക വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേക്ക്

11) അനുവദിച്ച തുക ഉപയോഗിച്ച ശേഷം ബാക്കി തുക ലഭ്യമാണെങ്കിൽ സർക്കാരിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

12) ഫണ്ട് അനുവദിക്കുന്നതിനുള്ള അപേക്ഷ അതാത് ദേവസ്വം ബോർഡുകളിൽ/തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ എല്ലാ വർഷവും ജൂൺ 30-ാം തീയതിക്ക് മുൻപ് സമർപ്പിക്കേണ്ടതും അപേക്ഷയും അനുബന്ധരേഖകളും അടങ്ങിയ പ്രൊപ്പോസൽ സർക്കാരിൽ ജൂലൈ 31-നകം സമർപ്പിക്കേണ്ടതുമാണ്.

13) സർക്കാർ അംഗീകരിച്ചു നൽകുന്ന പണി മാത്രമേ ഈ പദ്ധതി പ്രകാരം ഏറ്റെടുക്കുവാൻ പാടുള്ളൂ. ഇതോടൊപ്പം ചേർത്തിട്ടുള്ള മാതൃകാ അപേക്ഷാ ഫാറത്തിൽ ഈ പദ്ധതി പ്രകാരം ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതാണ്.

14) ദേവസ്വം ബോർഡുകളുടെ നിയന്ത്രണത്തിലുള്ള ക്ഷേത്രക്കുളം/കാവ്/ആൽത്തറ നവീകരണത്തിന് അനുവദിക്കുന്ന തുകയുടെ ബിൽ റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറി കൗണ്ടർ സൈൻ ചെയ്ത് അതാത് ദേവസ്വം ബോർഡ് കമ്മീഷണർമാർക്ക് നൽകും. ഈ പദ്ധതിയിൻ കീഴിൽ തെരഞ്ഞെടുത്ത സ്വകാര്യ ക്ഷേത്രങ്ങൾക്ക് അനുവദിക്കുന്ന തുകയുടെ ബിൽ അതാതു തദ്ദേശ സ്വയംഭരണ മേധാവി റവന്യൂ (ദേവസ്വം) വകുപ്പ് സെക്രട്ടറിക്ക് നൽകേണ്ടതും പ്രസ്തുത ബിൽ കൗണ്ടർ സൈൻ ചെയ്ത് തദ്ദേശ സ്വയംഭരണ മേധാവിയെ ഏൽപ്പിക്കേണ്ടതും, തദ്ദേശ സ്വയംഭരണ മേധാവി പ്രസ്തുത ബിൽ മാറി തുക ക്ഷേത്ര അഡ്വൈസറി കമ്മിറ്റി/ബെനിഫിഷ്യറി കമ്മിറ്റിയെ ഏൽപ്പിക്കേണ്ടതുമാണ്. പണി നടത്തിക്കുന്നതിനുള്ള ചുമതല അതാത് ക്ഷേത്രങ്ങളോട് ചേർന്നുള്ള ടെമ്പിൾ അഡ്വൈസറി കമ്മിറ്റി/ ബെനിഫിഷ്യറി കമ്മിറ്റിക്കും ആയിരിക്കും